**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2909** **28-02-2023 - ൽ മറുപടിയ്ക്ക്**

**തോട്ടപ്പള്ളി സ്പിൽവേയ്ക്ക് സമീപം വ്യാവസായിക ആവശ്യങ്ങൾക്ക് മണൽ നീക്കം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടപ്പള്ളി സ്പിൽവേയ്ക്ക് പടിഞ്ഞാറ് വശം പൊഴിമുഖത്ത് നിന്നും വ്യാവസായിക ആവശ്യങ്ങൾക്കായി മണൽ നീക്കം ചെയ്യുവാൻ കെ.എം.എം.എൽ., ഐ.ആർ.ഇ.എൽ. എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച കരാറിൽ ഏർപ്പെട്ടത് എന്നാണ്; പ്രസ്തുത കരാറിലെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 31.05.2019 ലെ GO(Rt)No.385/2019/WRD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തോട്ടപ്പിള്ളി സ്പിൽവേയ്ക്ക് പടിഞ്ഞാറ് പൊഴിമുഖത്ത് നിന്നും വ്യവസായിക ആവശ്യങ്ങൾക്കായി മണൽ നീക്കം ചെയ്യുവാൻ കെ.എം.എം.എൽ.-യുമായി സൂപ്രണ്ടിംഗ് എഞ്ചിനീയർ 11.10.2019 തീയതിയിൽ നം.47/SE/ISC/2019-20-ൽ നമ്പരായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഐ.ആർ.ഇ.എൽ.-യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത കരാർ പ്രകാരം കെ.എം.എം.എൽ., ഐ.ആർ.ഇ.എൽ. എന്നീ സ്ഥാപനങ്ങൾ ഓരോന്നും ശേഖരിച്ച മണലിന്റെ അളവ് എത്ര വീതമാണെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത കരാർ പ്രകാരം കെ.എം.എം.എൽ. ശേഖരിച്ച മണലിന്റെ അളവ് 5,80,779.54$m^3$ ആണ്. |
| (സി) | പ്രസ്തുത ഇനത്തിൽ ഓരോ സ്ഥാപനവും സർക്കാരിലേക്ക് എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത ഇനത്തിൽ കെ.എം.എം.എൽ. സർക്കാരിലേയ്ക്ക് 27,94,83,935/-രൂപ അടച്ചിട്ടുണ്ട്. |
| (ഡി) | ധാതുക്കൾ വേർതിരിച്ച ശേഷം അവശേഷിക്കുന്ന മണൽ തിരികെ നിക്ഷേപിക്കണം എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര അളവിൽ മണൽ തിരികെ നിക്ഷേപിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | ധാതുക്കൾ വേർതിരിച്ച ശേഷം അവശേഷിക്കുന്ന മണൽ തിരികെ നിക്ഷേപിക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തിരികെ നിക്ഷേപിച്ച മണലിന്റെ അളവ് 14308.61 MT ആണ്. |

സെക്ഷൻ ഓഫീസർ